# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3935 24/08/2017ൽ മറുപടിയ്ക്ക്

## ഗ്രീൻ ഇന്ത്യ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി.അനിൽ കുമാർ<br>,, എൽദോസ് പി കുന്നപ്പിള്ളിൽ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി |
| എ സംസ്ഥാനത്ത് വനം വകുപ്പ് ഗ്രീൻ ഇൻഡ്യ മിഷൻ എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ ഉണ്ട് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിനുള്ള ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായ എട്ട് ദൗത്യങ്ങളിൽ ഒന്നാണ് ഗ്രീൻ ഇൻഡ്യ മിഷൻ വനാശ്രിത സമൂഹങ്ങളുടെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം ഉൾക്കൊണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിതഭാരത ദൗത്യത്തിന് അടിസ്ഥാനം. രാജ്യത്തെ വനസമ്പത്തിന്റെ ഗുണമേന്മയും വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യവനവത്ക്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗര വനവത്ക്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപായങ്ങൾ വികസിപ്പിക്കുക, വിറകിന് പകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഭക്ഷ്യസുരക്ഷ, ശുദ്ധജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, |

ജലപരിവൃത്തി, എന്നിവ GIM ഹരിതവത്ക്കരണത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്.

2016-17 മുതൽ 5 വർഷം കൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ 333 കോടി രൂപയാണ്.

| | | | |
|---|---|---|---|
| ബി | നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | ബി | ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയിൻ കീഴിൽ നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പ്രവർത്തനങ്ങൾ ഒന്നാം ഉപദൗത്യത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള മിതമായ സാന്ദ്രതയുള്ള വനങ്ങളിൽ പ്രധാനമായും മണ്ണ്,ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും അതിലൂടെ വനങ്ങൾ നൽകുന്ന ജലലഭ്യത, അന്തരീക്ഷ താപനില കുറയ്ക്കൽ, മഴയുടെ ആഘാതം ലഘൂകരിച്ച് നീർച്ചാലുകളുടെ പോഷണം തുടങ്ങിയ പാരസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാന്ദ്രത കുറഞ്ഞ വനങ്ങളിൽ ലഭ്യമായ തുറന്ന സ്ഥലങ്ങളിൽ പുനരുൽഭവ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്ന പ്രവർത്തികളും നടപ്പിലാക്കുന്നു. നിലവിലുള്ള വനങ്ങൾ നേരിടുന്ന കാട്ടുതീ, കാലിമേച്ചിൽ, അനധികൃത മരംമുറി, വിറക് ശേഖരണം, തുടങ്ങിയ ഭീഷണികളെ അതിജീവിക്കുന്നതിനുള്ള കർമ്മ പരിപാടികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുൽമേട്ടുകളുടെ സംരക്ഷണവും, ചോലവനങ്ങളുടെ സംരക്ഷണവും മിറിസ്റ്റിക്ക കണ്ടൽ വനങ്ങളുടെ സംരക്ഷണവും പദ്ധതിയുടെ ഭാഗമാണ്. |
| സി | എന്തെല്ലാ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ കീഴിൽ നടന്നുവരുന്നത്. വിശദമാക്കുമോ; | സി | ഗ്രീൻ ഇൻഡ്യാ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട 36 വനം ഡിവിഷനുകൾക്ക കീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളും വാർഷിക പദ്ധതികളും FDA തലത്തിൽ സംയോജിപ്പിച്ച് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നു. ഓരോ വന വികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു. |

നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, സാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം. നീർമ്മറി പ്രദേശങ്ങളുടെ മണ്ണ് ജല സംരക്ഷണം മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ തൈകളുടെ ഉൽപാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോൽസാഹിപ്പിക്കൽ, ഉൽപാദന ക്ഷമതയുള്ള കാലി വളർത്തൽ പ്രോൽസാഹനം, തീറ്റപ്പുൽ കൃഷി വ്യാപനം, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ , തടയണ നിർമ്മാണം, ഗള്ളിപ്ലഗിംഗ് മനുഷ്യ -വന്യ ജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ ഈ പദ്ധതിയിലെ പ്രവർത്തനങ്ങളാണ്.

വനവൽക്കരണ പരിപാടികളിൽ ഏർപ്പെട്ടിട്ടുള്ള ഇതര സംഘടനകളേയും, കൃഷി, ഗ്രാമവികസനം, മണ്ണ് സംരക്ഷണം തുടങ്ങിയ സർക്കാർ വകുപ്പുകളേയും ഈ പദ്ധതിയിൽ പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

Saleem

സെക്ഷൻ ഓഫീസർ